IJCRT.ORG ISSN : 2320-2882

INTERNATIONAL JOURNAL OF CREATIVE RESEARCH THOUGHTS (IJCRT)
An International Open Access, Peer-reviewed, Refereed Journal

# കിമേറ-മലയാളത്തിലെ ആദ്യത്തെ ഹൊററർ സയൻസ് ഫിക്ഷൻ

Dr Remya R.

Assistant Professor

Calicut Adarsha Sanskrit Vidyapeetha, Balussery

സയൻസിൻറെ കാലം സയൻസ് ഫിക്ഷനുകളുടെ കാലവും കൂടിയാണ്. വിദേശരാജ്യങ്ങളിൽ ശാസ്ത്രനോവലുകൾ വളരെപ്പെട്ടെന്ന് വളർച്ചാവികാസങ്ങൾ പിന്നിട്ടുവെങ്കിൽ ഭാരതത്തിൽ, പ്രത്യേകിച്ച് കേരളത്തിൽ ഇരുപതാം നൂറ്റാണ്ടിൻറെ പകുതി കഴിയേണ്ടി വന്നു അത്തരത്തിലൊന്ന് ചിന്തിച്ചുതുടങ്ങുവാൻ. ശാസ്ത്രത്തിൻറെ, കണ്ടുപിടിത്തങ്ങളുടെ ഫലങ്ങൾ നല്ലതോ അല്ലാത്തതോ ആകാം. രണ്ടാം ലോകമഹായുദ്ധത്തിൻറെ കെടുതികൾ, കണ്ടുപിടിത്തങ്ങളുടെ തിക്തഫലങ്ങൾ എന്താണെന്നത് നമുക്ക് കാട്ടിത്തന്നു. എങ്കിലും ശാസ്ത്രത്തോടുള്ള ശുഭാപ്തിവിശ്വാസവും പ്രതീക്ഷയും ഉൾക്കൊള്ളുന്നവരും കുറവല്ല. ജനിതകശാസ്ത്രവും കൃത്രിമബുദ്ധിയും ബഹിരാകാശശാസ്ത്രവുമൊക്കെ അനേകം അവസരങ്ങൾ നമുക്കു മുന്നിൽ തുറന്നപ്പോൾ അവയുടെ നല്ല വശങ്ങളെക്കാൾ കൂടുതൽ ഇരുണ്ട വശങ്ങളെയാണ് വൈദേശികനോവലുകൾ പ്രമേയമാക്കിയത്. അത്തരത്തിലുള്ള ചലച്ചിത്രങ്ങളും അവിടെ വിരളമല്ല. എന്നാൽ മലയാളത്തിൽ അത്തരം പ്രമേയങ്ങൾ വളരെ കുറവാണ്. ഉള്ളതുതന്നെ ശാസ്ത്രത്തിൻറെ ദോഷവശങ്ങളെ സാന്ദർഭികമായി സ്പർശിച്ചുപോകുന്നവയാണ്. ശാസ്ത്രത്തിൻറെ കണ്ടെത്തലുകളെ ഭയത്തോടെ സമീപിക്കുന്ന, ആദ്യന്തം അതേ ഭയത്തെ നിലനിർത്തുന്ന ഇതിവൃത്തം മലയാളത്തിൽ ഇത് നടാടെയാണ്. ജി.എസ്സ്. ഉണ്ണിക്കൃഷ്ണൻ നായർ എഴുതിയ കിമേറ എന്ന നോവൽ ജനിതകശാസ്ത്രത്തിൻറെ ഭീതീദമായ വളർച്ചയെ അവതരിപ്പിക്കുന്നു.

ഒരു നീണ്ടകാലയളവിലെ ജനിതകപരീക്ഷണങ്ങളുടെ കഥയാണ് കിമേറ. അന്യോന്യം ബന്ധമില്ലാത്ത ജീവികളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന സങ്കരജീവികളാണ് കിമേറകൾ. സങ്കരവർഗ്ഗജീവികളെക്കുറിച്ചു സാമാന്യപരിചയം ഇല്ലാത്തവരില്ല. ഗുണകരമായ പല പരീക്ഷണങ്ങളും സങ്കരസൃഷ്ടികൾക്കു പിന്നിൽ നടന്നിട്ടുണ്ടെങ്കിലും അതിന്റെ അതിഭീഷണമായ മറ്റൊരുവശം അനാവരണം ചെയ്യുകയാണിവിടെ. ജനിതകമാറ്റം വരുത്തി എന്തും സൃഷ്ടിക്കാമെന്ന അറിവ് മത്സരബുദ്ധിയുള്ള ലോകരാജ്യങ്ങൾക്കിടയിൽ ആയുധമായി മാറുകയായിരുന്നു. ഈയവസ്ഥ പശ്ചാത്തലമായതിനാലാണ് മലയാളത്തിലെ ആദ്യ ഹൊററർ സയൻസ്ഫിക്ഷൻ ആയി ഇതു മാറുന്നത്. ഭീഷണമായൊരു സ്വപ്നക്കാഴ്ചയായി തോന്നുമെങ്കിലും ശാസ്ത്രത്തിന്റെ, പ്രത്യേകിച്ച് ജനിതകശാസ്ത്രത്തിന്റെ പുരോഗതി അങ്ങനെ ചില സാധ്യതകളിലേക്കും വിരൽചൂണ്ടുന്നുണ്ട് എന്ന് തിരിച്ചറിയാൻ നോവൽ വഴിവയ്ക്കുന്നു.

നോവലിലൂടെ...

തലയിൽ മുടികിളിർപ്പിക്കാൻ ഏറ്റവും പുതിയ വിദ്യ എന്ന പത്രപ്പരസ്യം കണ്ടു ഡോ. ഡെർക്കോവിറ്റിനു മുന്നിൽ ബിനുകുമാർ എത്തുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് ഏതാനും സാമ്പിൾ കോശങ്ങൾ പഠനവിധേയമാക്കിയ ഡോക്ടർ എന്തൊക്കെയോ മരുന്നുകളും അയാളിൽ കുത്തിവയ്ക്കുന്നു. അസഹ്യമായ വേദനയ്ക്കൊടുവിൽ തലയിൽ മുടി കിളിർത്തതു കണ്ട് അയാൾ ആനന്ദിക്കുന്നു. എന്നാൽ അയാളെ ഞെട്ടിച്ചുകൊണ്ടു ശരീരമാസകലം മുടി വളർന്നു ചിമ്പൻസിയുടെ ശരീരത്തിനു സമാനമായി മാറി. ഡോ.ഡെർക്കോവിറ്റിന്റെ ജനിതകപരീക്ഷണങ്ങൾക്കു താൻ ഇരയാവുകയായിരുന്നെന്ന് അപ്പോഴാണയാൾ തിരിച്ചറിയുന്നത്. അവിടെനിന്നു രക്ഷപ്പെട്ട അയാൾ സംഭവിച്ചതെല്ലാം സുഹൃത്തായ ശങ്കറിനെ എഴുതി അറിയിച്ചു. ശങ്കർ, ബിനുവിനെ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും അയാൾ അതിനോടകം കൊല്ലപ്പെട്ടിരുന്നു. പിന്നീടങ്ങോട്ടു മനുഷ്യസങ്കരങ്ങളായ ജീവികളെ പലയിടങ്ങളിലും കണ്ടതായി പത്രറിപ്പോർട്ടുകൾ വരുന്നു. അവ ക്രമേണ മനുഷ്യരെ ആക്രമിക്കാനും തയ്യാറാകുന്നു. അവയ്ക്കു പുറകേ പോയ ശങ്കറിനും പല ദുരനുഭവങ്ങളും നേരിടേണ്ടി വരുന്നു. അധികാരികളുടെ ഭ്രാന്തനെന്ന വിളിയും കിമേറ (സങ്കരജീവി)കളുടെ ആക്രമണങ്ങളും തളർത്തിയപ്പോഴാണു കാര്യങ്ങളെല്ലാം വിശദീകരിച്ചുകൊണ്ടു സ്വകാര്യ ഡിക്ടറ്റീവ് ഏജന്റും സുഹൃത്തുമായ മാലിക്കിനു ശങ്കർ ഇ-മെയിൽ ചെയ്യുന്നത്. കാര്യങ്ങളന്വേഷിക്കാൻ മാലിക് എത്തിയപ്പോഴേക്കും ശങ്കർ ഭ്രാന്താശുപത്രിയിലേക്ക് മാറ്റപ്പെട്ടിരുന്നു.

അതേസമയം, ലോകത്തു പല ഭാഗങ്ങളിലും ഭീതീദമായ സംഭവങ്ങൾ അരങ്ങേറുകയായിരുന്നു. അമേരിക്കയെക്കാൾ പുരോഗതി നേടാൻ, വൻ തോതിൽ ജനിതകവിളകൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്തതിന്റെ ഫലമായി ജനിതകമാറ്റത്തിനു (mutation) വിധേയമായ പുതിയ തലമുറയെ ചൈനയ്ക്കു കാണേണ്ടി വന്നു. എന്നിട്ടുപോലും അതൊന്നും കാര്യമാക്കാതെ മത്സരബുദ്ധിയോടെ മുന്നോട്ടുപോകാൻതന്നെയാണവർ തീരുമാനിക്കുന്നത്. അൽഖൈദയുടെ താവളത്തിലും പുതിയ ജനിതക ആയുധങ്ങൾ പാവപ്പെട്ട ഗ്രാമീണരിൽ പരീക്ഷിച്ച് ആഘോഷിക്കുന്ന കാഴ്ച കാണാം. സിംബാവെയിലെ ജനിതകശാസ്ത്ര പരീക്ഷണശാലയിൽനിന്നു പുറത്തുചാടിയ പറക്കുന്ന മാമ്പ (black mamba) പാമ്പുകൾ മനുഷ്യരെ കൊന്നൊടുക്കുന്നു. ഇസ്രായേലി രഹസ്യസർവ്വീസായ മൊസാദിനുവേണ്ടി സൃഷ്ടിക്കപ്പെട്ട അപൂർവ്വ ജീനോട്ടൈപ്പിലുള്ള സൂപ്പർ പുരുഷന്മാരുടെ തലമുറ, സ്വഭാവവൈകല്യത്തിലും ക്രൂരതയിലും കുപ്രസിദ്ധിയാർജ്ജിക്കുന്നു. യു. എസ്സാകട്ടെ ഇഷ്ടപ്രകാരം കുട്ടികളെ സൃഷ്ടിക്കാവുന്ന രീതിയിൽ ഗവേഷണങ്ങളെ വളർത്തുന്നു. ജനിതക വസ്തുക്കൾ പല ഭക്ഷണങ്ങളുടെ രൂപത്തിൽ മനുഷ്യരുടെ തീൻമേശയിലെത്തുകയും അതു കഴിക്കുന്നവരുടെ മാത്രമല്ല പുതിയ തലമുറയുടെകൂടിയും ജനിതകമാറ്റത്തിനു കാരണമാകുകയും ചെയ്തു. ഇത്തരം പരീക്ഷണങ്ങളെക്കുറിച്ചു മനസ്സിലാക്കിയവരും അതു കണ്ടെത്താൻ ശ്രമിക്കുന്നവരുമെല്ലാം കിമേറകളാൽ കൊല്ലപ്പെടുന്നു. ഇവയെക്കുറിച്ചുള്ള വാർത്തകളുടെ ഉറവിടം തേടിയിറങ്ങുന്ന മാലിക് തന്റെ അന്വേഷണം ലോകത്തിന്റെ പല ഭാഗത്തായി വ്യാപിപ്പിക്കുന്നു. കൊച്ചുകുട്ടികളെ ആക്രമിക്കുന്ന ചെന്നായമനുഷ്യനിൽ നിന്നാണു മാലിക് അന്വേഷണം ആരംഭിക്കുന്നത്. മറ്റൊരിടത്ത് ഹനുമാൻ ക്ഷേത്രത്തിൽ ഗ്രാമീണർക്കു ഹനുമാൻ ദർശനം കിട്ടിയിരുന്നതിനെക്കുറിച്ചും മാലിക് അന്വേഷിക്കുകയുണ്ടായി. കുരങ്ങുമനുഷ്യനെ പ്രസവിച്ച സ്ത്രീയെക്കണ്ടതോടെ ആശുപത്രികളുടെ മറവിൽ നടക്കുന്ന വൻ ബിസിനസ്സുകളെക്കുറിച്ചും അയാൾ മനസ്സിലാക്കുന്നു. ദരിദ്രകുടുംബങ്ങളിലെ സ്ത്രീകളിൽ കിമേറകളെ സൃഷ്ടിക്കാനുള്ള വൻ സംഘം പ്രവർത്തിക്കുന്നുണ്ടെന്ന് അയാൾ മനസ്സിലാക്കി. മാത്രമല്ല നിത്യയൗവ്വനം നിലനിർത്താനായി ഭ്രൂണം ഭക്ഷിക്കുന്നവരെയും അത് വ്യാപാരം ചെയ്യുന്നവരെയും അയാൾ കണ്ടുമുട്ടുന്നു. ഇവയ്ക്കു പിന്നിൽ തീവ്രവാദിസംഘടനകളുടെ പ്രവർത്തനമുണ്ടെന്നു മനസ്സിലാക്കിയതോടെ അയാൾ തടവിലാക്കപ്പെടുകയും കിമേറകളുടെ ലോകത്തെ പരീക്ഷണവസ്തുവായിത്തീരുകയും ചെയ്യുന്നു. ലോകരാഷ്ട്രങ്ങളെല്ലാം പരസ്പരം പുതിയ ആയുധങ്ങൾ പ്രയോഗിക്കുമ്പോൾ സാധാരണമനുഷ്യർ അതിന്റെ കെടുതികൾ അനുഭവിച്ചുകൊണ്ടിരുന്നു. ജനിതകശാസ്ത്രത്തിന്റെ ഭീകരസന്തതികൾ അവരിൽ ഭയം ജനിപ്പിച്ചുകൊണ്ട് അടക്കിവാഴുമ്പോൾ സൂക്ഷ്മകോശജീവികൾ ശരീരത്തിനുള്ളിലും ആക്രമണം അഴിച്ചുവിട്ടു. ആന്ത്രാക്സിന്റെയും ഇബോളയുടെയും സങ്കരവൈറസ് ജൈവായുധമായി പല ഗ്രാമങ്ങളിലും രോഗവും മരണവും പരത്തി. ഡിക്ടറ്റീവായിരുന്ന മാലിക്കിന്റെ തിരോധാനം, ഏജൻസിയുടെ മേധാവിയായ ശ്രീറാമിനെ ഈ സംഭവങ്ങളിലേക്ക് ശ്രദ്ധതിരിക്കാൻ പ്രേരിപ്പിച്ചു. ഡെർക്കാവിറ്റിനെക്കുറിച്ചറിയാനായിരുന്നു അയാളുടെ ശ്രമം. യു.എസ്സിലെ മാഞ്ചസ്റ്റർ സർവ്വകലാശാലയിൽ ബയോളജി പ്രൊഫസറായിരുന്ന ഡെറിക് ക്രോയെഫ് ആണു ഡെർക്കാവിറ്റ് എന്ന് അയാൾ മനസ്സിലാക്കുന്നു. മനുഷ്യമൃഗസങ്കരങ്ങളെ സൃഷ്ടിക്കാനുള്ള അയാളുടെ പ്രവർത്തനങ്ങൾ കാരണം സ്വന്തം രാജ്യത്തുനിന്നു പുറത്താക്കപ്പെട്ട അയാൾ ഇന്ത്യയിലേക്കു കടന്ന് ആത്മീയമാർഗ്ഗം സ്വീകരിച്ചു. എന്നാൽ അതൊരു മറയാക്കിക്കൊണ്ടു ഹനുമാൻ, നരസിംഹം എന്നീ

പുരാണകഥാപാത്രങ്ങളെ സൃഷ്ടിക്കാനായിരുന്നു പദ്ധതി. ഇതറിഞ്ഞ സന്ന്യാസിമാർ അയാളെ അവിടന്നു പുറത്താക്കുന്നു. '...മറ്റ് അന്തേവാസികളെ വിളിച്ചുകൂട്ടി അയാൾ ഉപദേശം നടത്തി. പുരാണത്തിലെ ഹനുമാൻ, നരസിംഹം എന്നിവയായിരുന്നു ഡെർക്കോവിറ്റിന്റെ ഇഷ്ടദേവന്മാർ. മനുഷ്യമൃഗസങ്കരങ്ങളായതിനാലാണ് ഇവയ്ക്കു അമാനുഷികശക്തി ലഭിച്ചതെന്നു ഡെർക്കോവിറ്റ് അന്തേവാസികളോടു പറഞ്ഞു. അതിനാൽ ആശ്രമവാസികൾ മൃഗങ്ങളുമായി രമിച്ചു മനുഷ്യമൃഗസങ്കരങ്ങളെ ഉണ്ടാക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. അതാണു ദൈവത്തോടടുക്കാനുള്ള മാർഗ്ഗമെന്നായിരുന്നു ഡെർക്കോവിറ്റിന്റെ പക്ഷം...'. അവിടന്നു പുറത്താക്കപ്പെട്ട അയാൾ വിത്തുകോശഗവേഷണവും ജനിതകശാസ്ത്രഗവേഷണവുമായി മുന്നോട്ടുപോയി. ഇന്റർപോളിന്റെ ചീഫ് ഡിക്റ്ററ്റീവായിരുന്ന കൂപ്പറാണു ശ്രീരാമിന് ഈ വിവരങ്ങളൊക്കെ നൽകുന്നത്. കിമേറാ ഗവേഷണത്തിനും വിത്തുകോശഗവേഷണങ്ങൾക്കുമല്ലാതെ ഭ്രൂണങ്ങൾ ഇന്ത്യയിൽനിന്നു ചൈനയിലേക്ക് വൻതോതിൽ കയറ്റുമതി ചെയ്യപ്പെടുന്നതന്വേഷിക്കാൻ ശ്രീറാം റെഡ്ചൈനീസ് സീക്രട്ട് പൊലീസ് ഏജന്റായ വാറൻലീയെ ഏൽപ്പിക്കുന്നു. ഹോങ്കോങ്ങിലെ ക്രിമിനലുകളുടെ താവളമായ ബോങ്മെൻലാവോ തെരുവിൽവച്ച് അയാൾ കൊല്ലപ്പെട്ടു. അധോലോകരാജാക്കന്മാർ പണം സമ്പാദിക്കാനായി നടത്തുന്ന ആ ബിസ്സിനസ്സിൽ നഷ്ടപ്പെടുന്ന മനുഷ്യജീവനുകളെക്കുറിച്ചു കൂപ്പറിനെ അറിയിക്കാൻ വാറൻലീയ്ക്കു സമയം കിട്ടിയില്ല. അധോലാകരാജാവായ ദാവൂദ് ഇബ്രാഹിമിന്റെ കരങ്ങളാണ് ഭ്രൂണവിൽപ്പനയ്ക്കും അതുപോലെതന്ന ഡെർക്കോവിറ്റിന്റെ കിമേറാസൃഷ്ടികൾക്കും പിന്നിൽ എന്നു ശ്രീറാം മനസ്സിലാക്കുന്നു. രാത്രികാലങ്ങൾ തങ്ങൾക്കു സ്വന്തമാക്കാനായി, മനുഷ്യരെ ഭയത്തിൽ തളച്ചിടാനായി സൃഷ്ടിക്കപ്പെട്ടവയായിരുന്നു കിമേറകൾ. അങ്ങനെ സി.ബി.ഐ യുടെ സഹായത്തോടെ ഗയയ്ക്കടുത്തുള്ള പഴയ ബംഗ്ലാവിൽ അവർ പരിശോധനയ്ക്കെത്തുന്നു. അവിടെനിന്നുകിട്ടിയ ടേപ്പിൽ ഡെർക്കോവിറ്റിന്റെ ശബ്ദം ആലേഖനം ചെയ്യപ്പെട്ടിരുന്നു. ''...നിങ്ങൾ എന്നെ കണ്ടെത്തുമെന്നെനിക്കറിയാമായിരുന്നു. ഇത്രയും വൈകിയതുതന്നെ അദ്ഭുതം. പക്ഷേ, ഡെർക്കോവിറ്റിന്റെ രോമത്തിൽ തൊടാൻപോലും നിങ്ങൾക്കാവില്ല. എന്റെ സുന്ദരമായ സൃഷ്ടികളെ, കിമേറകളെയെല്ലാം ഞാൻ സ്വതന്ത്രമാക്കി പലയിടത്തു വിട്ടുകഴിഞ്ഞു. ഈ സന്ദേശം റെക്കോഡു ചെയ്തുതീരുമ്പോൾ ഞാൻ മ്യൂട്ടേഷനുള്ള പദാർത്ഥം സ്വന്തം ശരീരത്തിൽ കുത്തിവയ്ക്കാൻ തുടങ്ങും.താമസിയാതെ ഞാനുമൊരു കിമേറയാകും, സിംഹവും മനുഷ്യനും ഒത്തുചേർന്ന നരസിംഹമൂർത്തി...'' എന്നായിരുന്നു സന്ദേശം. അതുവരെ സംഭവിച്ചതിന്റെ റിപ്പോർട്ട് നിയമപാലകരെ ഏൽപ്പിച്ച് ശ്രീറാം തന്റെ മുറിയിലേക്കു പോയി. ഉറക്കത്തിനിടയിൽ ആക്രമിക്കപ്പെടുന്ന ശ്രീറാം നരസിംഹമായി മാറിയ ഡെർക്കോവിറ്റിന്റെ മുന്നിൽ എത്തിപ്പെടുന്നു. മ്യൂട്ടേഷനായുള്ള മരുന്ന് അയാൾ ശ്രീറാമിൽ കുത്തിവയ്ക്കുന്നു. 'നായമനുഷ്യ'നായി, കിമേറകളുടെ ലോകത്തേക്കു ശ്രീറാമും വലിച്ചെറിയപ്പെടുന്നു. ഭയം നിറഞ്ഞ അന്തരീക്ഷം ഉടനീളം നിലനിർത്തിക്കൊണ്ട് ശാസ്ത്രത്തിന്റെ തിന്മനിറഞ്ഞ വശത്തെ അവതരിപ്പിക്കുകയാണ് ഈ നോവൽ.

കഥാപാത്രങ്ങൾ

ഡോ.ഡെർക്കോവിറ്റ് അഥവാ ഡെറിക് ക്രോയഫ് ആണ് ഇതിലെ മുഖ്യകഥാപാത്രം. ക്രിമിനൽസ്വഭാവമുള്ള ഒരു ശാസ്ത്രജ്ഞനായിരുന്നു അയാൾ. കുട്ടിക്കാലത്തു മാതാപിതാക്കളുടെ വേർപിരിവും അമ്മയുടെ ക്രൂരതകളും വളർത്തിയെടുത്ത കുറ്റവാസന ക്രമേണ ലോകനാശത്തിനായി ഉപയോഗിക്കുകയായിരുന്നു ഡെറിക്. 'ഒരു ധനാഢ്യന്റെ മകനായിരുന്നു ഡെറിക്. പിതാവ് മരിച്ചതോടെ മാതാവ് മറ്റൊരു പുരുഷനോടൊപ്പം പോയി. ഡെറിക് ഒരു വലിയ ബംഗ്ലാവിൽ പരിചാരകർക്കൊപ്പം തനിച്ചായി. കുറേ വളർത്തുനായ്ക്കളും പൂച്ചകളുമായിരുന്നു ഡെറിക്കിന്റെ ഉറ്റ സുഹൃത്തുക്കൾ. അവരോടു മനുഷ്യരോടെന്ന പോലെയാണു ഡെറിക് സംസാരിച്ചിരുന്നതും ഇടപെട്ടിരുന്നതും. ഇക്കാലത്ത്, വിട്ടുപിരിഞ്ഞ മാതാവ് സ്വത്തിൽ അവകാശം പറഞ്ഞ് ഒരു കേസ്സു കൊടുത്തു.കേസ്സു വിജയിച്ചില്ല. വൈരാഗ്യം പൂണ്ട ആ സ്ത്രീയും രണ്ടാം ഭർത്താവും പ്രതികാരം വീട്ടിയതു വിചിത്രമായാണ്. ഒരു രാത്രി ഡെറിക്കിന്റെ വളർത്തുമൃഗങ്ങളെയൊക്കെ കഴുത്തറുത്തു കൊന്നു. രാവിലെ തന്റെ ഉറ്റ തോഴരെല്ലാം ചോരയിൽ കുളിച്ചുകിടക്കുന്നതാണു കൊച്ചു ഡെറിക് കണ്ടത്. അയാൾക്കതു വലിയൊരു ഷോക്കായി. അതിനു ശേഷം വിചിത്രമായ സ്വഭാവവൈകല്യങ്ങളാണു ഡെറിക് പ്രകടിപ്പിച്ചത്. ഒടുവിലതു മനുഷ്യമൃഗസങ്കരങ്ങളിൽ ചെന്നെത്തി'. ഇത്തരം സ്വഭാവവൈകല്യങ്ങളെ ഉപയോഗപ്പെടുത്താൻ വൻകിടശക്തികൾ രംഗത്തെത്തിയത് അയാളിലെ കുറ്റവാസനയെ ആവോളം വളരാൻ വഴിയൊരുക്കി. ശാസ്ത്രസംബന്ധിയായ തന്റെ അറിവുകൾ മുഴുവനും കിമേറകളുടെ സൃഷ്ടിക്കായി അയാൾ ഉപയോഗപ്പെടുത്തി. മനുഷ്യരിൽ ജനിതകമാറ്റത്തിനു സഹായിക്കുന്ന മരുന്നുകണ്ടെത്തിയതോടെ തനിക്കെതിരെ പ്രവർത്തിച്ചവരെപ്പോലും കിമേറകളാക്കിത്തീർക്കാൻ അയാൾക്കു സാധിക്കുന്നു. മനസ്സിൽ മൃഗങ്ങളോടുണ്ടായിരുന്ന ഇഷ്ടവും മനുഷ്യരോടുണ്ടായിരുന്ന വെറുപ്പും ചേർന്ന് അവസാനം അയാൾ സ്വയം കിമേറയായി മാറുകയാണ്.

നരസിംഹമെന്ന ആശയത്തെ സ്വന്തം ശരീരത്തിൽ പ്രാവർത്തികമാക്കുക വഴി നിയമത്തിനു പോലും തൊടാനാകാത്ത മറ്റൊരു ജീവിതത്തിലേക്ക് അയാൾ പോവുകയാണ് ചെയ്യുന്നത്. തന്നെക്കുറിച്ചന്വേഷിക്കുന്നവരുടെ മനസ്സിലേക്ക് ഓരോ നിമിഷവും ഭയത്തിന്റെ അഗ്നി ജ്വലിപ്പിച്ചുകൊണ്ടു നോവലിലുടനീളം അയാളുടെ സാന്നിധ്യമുണ്ട്.

കുറ്റാന്വേഷകരായെത്തുന്ന ഒന്നിലേറെ കഥാപാത്രങ്ങൾ പറയുന്ന രീതിയിലാണു കഥാവതരണം. കത്തിന്റെ രൂപത്തിൽ കഥ പറഞ്ഞുതുടങ്ങുന്നതു ബിനുകുമാറാണെങ്കിലും പിന്നീട് അയാളുടെ സുഹൃത്തു ശങ്കർ ആ സ്ഥാനം ഏറ്റെടുക്കുന്നു. പിന്നീടു ഡിക്ടറ്റീവുമാരായ മാലിക്, കൂപ്പർ, വാറൻ ലീ, ശ്രീറാം എന്നിവരിലൂടെയാണു ക്രമേണ കഥ പുരോഗമിക്കുന്നത്. പല രാജ്യങ്ങളിലായി നടക്കുന്ന കഥ അതതു ദേശങ്ങളിലെ വ്യക്തികളെക്കൊണ്ടു വിവരിക്കുന്ന രീതിയാണു നോവൽ സ്വീകരിച്ചിരിക്കുന്നത്. ജനിതകകുറ്റകൃത്യങ്ങളെക്കുറിച്ചന്വേഷിക്കാൻ പുറപ്പെടുന്ന ഡിക്ടറ്റീവുമാർ അതതു രാജ്യത്തെ പ്രതിനിധീകരിക്കുന്നുവെങ്കിലും ഏകദേശം ഒരേ പ്രവർത്തനശൈലിയും സവിശേഷതകളും ഉള്ളവരാണ്. മനുഷ്യത്വവും കുറ്റവാളികളെ എന്തു വില കൊടുത്തും കണ്ടെത്തണമെന്ന നിശ്ചയദാർഢ്യവും ധൈര്യവും അവരോരോരുത്തരും പ്രകടിപ്പിക്കുന്നു. മാലിക്, ശ്രീറാം, വാറൻലീ എന്നീ കഥാപാത്രങ്ങൾ അന്വേഷണത്തിന്റെ ഭാഗമായി മാത്രം ശാസ്ത്രം കൈകാര്യം ചെയ്യുന്നവരാണ്. അവർക്കുവേണ്ടി കിമേറകൾക്കുള്ളിലെ ശാസ്ത്രവശങ്ങൾ അനാവരണം ചെയ്യുന്നത് ആരോഗ്യമേഖലയിലെ ശാസ്ത്രജ്ഞരാണ്. ''ഗ്രീക്ക് പുരാണ കഥാപാത്രമാണു കിമേറ-വിവിധമൃഗങ്ങളുടെ ഒരു സങ്കരം, സിംഹത്തിന്റെ തല,പെണ്ണാടിന്റെ ശരീരം,ഡ്രാഗന്റെ വാല്. ഒരേ സ്പീഷീസ്സിൽ പെട്ടതല്ലാതെയുള്ള ജീവികളുടെ സങ്കരത്തെയും ഗവേഷകർ കിമേറ എന്നു വിശേഷിപ്പിക്കുന്നുണ്ട്...കിമേറകൾ മ്യൂട്ടേഷന്റെ ഫലമായുണ്ടാകുന്നവയല്ല. അന്യോന്യം ബന്ധമില്ലാത്ത സ്പീഷീസ്സുകളെ കൂട്ടിച്ചേർക്കുന്നതാണു കിമേറകൾ. ജനിതകഎഞ്ചിനീയറിംഗിലൂടെയാണ് ഇന്നിതു ചെയ്യുന്നത് '' ('Chimera (genetics)', in https://en.wikipedia.org/wiki,21 April 2017, at 10:13.). ഡോ.ചെങ്ങ്ഷൂ, ഡോ.വില്ല്യം, ഡോ.ഷെർമാൻ എന്നിവർ യഥാക്രമം ചൈന, യു.എസ്.എന്നിവിടങ്ങളിലെ ജനിതകപരീക്ഷണങ്ങളിലേർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാരാണ്. അവരുടെ പുതിയ കണ്ടെത്തലുകൾ ഈ മേഖലയിൽ വരുത്തുന്ന വിപ്ലവകരമായ മാറ്റങ്ങൾ വിശദീകരിക്കുന്നുണ്ടു നോവലിൽ. പ്രത്യക്ഷത്തിൽ അപ്രധാനകഥാപാത്രങ്ങളായി തോന്നുമെങ്കിലും അവരുടെ പ്രവർത്തനമേഖലകളുടെ വിശദീകരണം ജനിതകശാസ്ത്രമേഖലയുടെ ദുർമുഖങ്ങൾ കാട്ടാൻ പര്യാപ്തങ്ങളാണ്. ജി.എം. കർഷകരുടെ അനന്തരതലമുറ ജനിതകമാറ്റത്തിനു വിധേയമായി പച്ചക്കറികളിലുള്ള മുള്ളുകൾ ശരീരത്തിൽ പേറി നടക്കുന്നതിനെക്കുറിച്ചും ലൈംഗികഹോർമോണുകൾ ചുരത്താൻ ശേഷിയുള്ള പെൺകുട്ടികളെ വളർത്തുന്നതിനെക്കുറിച്ചും മാതാപിതാക്കളുടെ ഇഷ്ടത്തിനനുസരിച്ചു ജി.എം. സന്തതികൾ ഉണ്ടാക്കപ്പെടുന്നതിനെക്കുറിച്ചും ഒക്കെ അവരുടെ വിശദീകരണങ്ങളിലൂടെയാണ് അറിയാൻ സാധിക്കുന്നത്. കിമേറയാക്കപ്പെട്ട അത്ഭുതജീവികളും നിർബന്ധിതഗർഭച്ഛിദ്രം ചെയ്യേണ്ടിവരുന്ന പാവപ്പെട്ട ഗ്രാമീണ സ്ത്രീകളും ലഹരിയുടെ അടിമകളായി, തങ്ങളുടെ ഭാര്യമാരെ ഉപയോഗപ്പെടുത്തി ഭ്രൂണവ്യാപാരത്തിന്റെ കണ്ണികളായി മാറുന്ന ഢങ്കാറാമിനെപ്പോലുള്ളവരും ഭ്രൂണവ്യാപാരത്തിന്റെ യഥാർത്ഥ ഫലമനുഭവിക്കുന്ന അധോലോകരാജാക്കന്മാരും മോഡലുകളും എല്ലാം ചേർന്നു നോവലിന് ഒരു ശരിയായ ഭീകരപശ്ചാത്തലം തന്നെ നൽകുന്നുണ്ട്. ഭ്രൂണങ്ങളെ ഉപയോഗപ്പെടുത്തി പതിനെട്ടുകാരിയുടെ സൗന്ദര്യം വീണ്ടെടുക്കുന്ന മാർഗരറ്റ് ക്വാനെന്ന നാൽപതുകാരിയായ മോഡൽ പോലും അവരുടെ ചെറിയ സാന്നിധ്യം കൊണ്ടുതന്നെ ക്രൂരതയുടെ പ്രതീകമായി മനസ്സിൽ നിറയുന്നു.

നോവലിലെ ശാസ്ത്രകാര്യങ്ങൾ

കിമേറ എന്ന വാക്കുതന്നെ ഗ്രീക്കുപുരാവൃത്തവുമായും ജനിതകശാസ്ത്രവുമായും ബന്ധപ്പെട്ടുനിൽക്കുന്നു. ''ഗ്രീക്കു മിത്തിൽ, സിഹത്തിന്റെ തലയും ആടിന്റെ ഉടലും സർപ്പത്തിന്റെ വാലും ചേർന്ന വിചിത്രജീവിയെയാണു കിമേറ എന്നു വിളിച്ചിരുന്നത് ''( 'Chimera (mythology)', in https://en.wikipedia.org/wiki, edited on 4 May 2017, at 17:26.) . ഒന്നിലധികം ജീവികളുടെ സങ്കരമാണത്. ''ഈഡിപ്പസ്സിന്റെ കഥയിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീയുടെ മുഖവും സിംഹത്തിന്റെ ഉടലുമുള്ള പറക്കാൻ കഴിവുള്ള ഫീനിക്സ് എന്ന ജീവിയും കിമേറയ്ക്കു സമാനമായി പറയപ്പെടുന്നു'' ('Chimera (mythology)', in https://en.wikipedia.org/wiki, edited on 4 May 2017, at 17:26.) പിൽക്കാലത്ത് ശാസ്ത്രജ്ഞർ ഒന്നിലധികം ജീവികളുടെ ജീനുകൾ തമ്മിൽച്ചേർത്തു പുതിയ ജീവിവർഗ്ഗത്തെ സൃഷ്ടിക്കാനുള്ള പരീക്ഷണത്തിൽ ഏർപ്പെട്ടപ്പോൾ അത്തരം ജീവിവർഗ്ഗത്തെ കുറിക്കുവാനും കിമേറ എന്ന പേര് സ്വീകരിച്ചു.

ജനിതകശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ, 'വ്യത്യസ്ത ജീനോ ടൈപ്പുള്ള കോശങ്ങൾ വഹിക്കുന്ന ജന്തുവോ സസ്യമോ ആണു കിമേറകള് "(പ്രൊഫ. കെ. ശ്രീധരൻ, ശാസ്ത്രനിഘണ്ടു, പുറം 72-73). പ്രകൃത്യാതന്നെ ഉണ്ടാകുന്ന കിമേറകൾ ശാസ്ത്രജ്ഞന്മാരെ ആകർഷിച്ചിരുന്നു. 'നിറത്തിലോ ഘടനയിലോ സ്വഭാവസവിശേഷതകളിലോ സങ്കരമായി പ്രത്യക്ഷപ്പെടുന്ന ജീവികൾ സസ്യലോകത്തിലും ജന്തുലോകത്തിലും ഉണ്ടാകാറുണ്ട്. ഒരു ജീവിയുടെ ഏതെങ്കിലും ഒരു ശരീരഭാഗം മറ്റൊരു ജീവിയുടെ പ്രത്യേകതകൾ കാട്ടിയാലോ ഒന്നിൽ മറ്റൊന്നു കൂടിച്ചേർന്നാലോ കിമേറ സംഭവിക്കാം. മറ്റേതെങ്കിലും ജീവിയുടെ ഹൃദയവാൽവു മാറ്റി വയ്ക്കപ്പെട്ട്, അതു മനുഷ്യശരീരവുമായി യോജിച്ചു പ്രവർത്തിക്കാനാരംഭിച്ചാൽ അയാളെയും കിമേറ എന്നു വിശേഷിപ്പിക്കാറുണ്ട്. മനുഷ്യരുടെ ഇടയിൽ പ്രകൃത്യാ രണ്ടു തരത്തിലുള്ള ഡി.എൻ.എ. ഘടന വഹിക്കുന്ന കിമേറകളെ കണ്ടെത്തിയിട്ടുണ്ട്. ലിഡിയ ഫയർചൈൽഡ്, കാരൻ കീഗൻ എന്നീ സ്ത്രീകൾ അത്തരത്തിൽ രണ്ടു ജനിതകഘടന വഹിക്കുന്നവരാണെന്നു കണ്ടെത്തിയിരുന്നു. എന്നാൽ ഭ്രൂണാവസ്ഥയിൽത്തന്നെ രണ്ടു ജീവിവർഗ്ഗങ്ങളുടെ സംയോജനത്താലുണ്ടാകുന്ന വ്യത്യസ്തതരം ജീവിവർഗ്ഗമാണ് ഈ മേഖലയിൽ പൂർണ്ണതയുള്ള കിമേറകൾ'('Chimera (mythology)', in https://en.wikipedia.org/wiki, edited on 4 May 2017, at 17:26.) . എന്നാൽ ജനിതകശാസ്ത്രം വളർന്നതോടെ കൃത്രിമമായി രണ്ടു വ്യത്യസ്ത ജീവിവർഗ്ഗങ്ങളെ ചേർത്തു പുതിയവയെ നിർമ്മിക്കാമെന്നു വന്നു. 'ആടിന്റെയും ചെമ്മരിയാടിന്റെയും ജീനുകളെ കൂട്ടിയോജിപ്പിച്ചു ഗീപ്പ് എന്ന പുതിയ ജീവിയെ വളർത്തിയെടുക്കാൻ കഴിഞ്ഞു. 2003-ൽത്തന്നെ ഷെൻഖായി സെക്കൻഡ് മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞന്മാർക്കു മുയലിന്റെ അണ്ഡത്തിൽ മനുഷ്യന്റെ തൊലിയുടെ കോശങ്ങൾ യോജിപ്പിച്ചു വളർത്താൻ സാധിച്ചു. എലിയിൽ മനുഷ്യരുടെ തലച്ചോർ വളർത്തിയെടുക്കാൻ കാലിഫോർണിയയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിക്കു സാധിച്ചു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഒരു സമ്പൂർണ്ണ മനുഷ്യമൃഗസങ്കരം സാധ്യമാണെന്നതാണ്. എന്നാൽ അതിൽ ഏതൊക്കെ മൃഗസവിശേഷതകൾ ഏതളവുവരെ എന്നതിനു പ്രത്യേകനിയമങ്ങളില്ലാത്തതു കൂടുതൽ കുഴപ്പങ്ങളിലേക്ക് എത്തിക്കുമെന്നു മനസ്സിലാക്കിയ പല രാജ്യങ്ങളും ഇത്തരം പരീക്ഷണങ്ങൾ തടയുന്ന നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. മനുഷ്യകോശങ്ങൾ ആലേഖനം ചെയ്ത പശുക്കൾ മനുഷ്യസമാനമായ പാല് തരാൻ തുടങ്ങിയതായി ചൈനയിലെ ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്' (Antonio Regalado, 'Human-Animal Chimeras Are Gestating on U.S. Research Farms' , MIT Technology Review, in https:/www.technology review.com,January 6,2016.). ഇത്തരം പരീക്ഷണങ്ങൾ നിയന്ത്രണാതീതമായാൽ ലോകത്തിനുണ്ടാകുന്ന സർവ്വനാശമാണു നോവലിൽ പ്രകടമാകുന്നത്. മനുഷ്യകോശങ്ങൾ അന്യജീവിവർഗ്ഗവുമായി ചേർക്കുന്ന ജനിതക ഒട്ടിക്കലുകൾ (Genetic Graftting) ശാസ്ത്രലോകത്ത് ഇപ്പോഴും നടക്കുന്നുണ്ട്. ആ പശ്ചാത്തലത്തിൽ എന്താണു കിമേറകളെന്നും അവയ്ക്കുമേലുള്ള പരീക്ഷണങ്ങൾ തുടർന്നാൽ അത് ഏതളവുവരെ എത്തിച്ചേരാം എന്നും നോവൽ വിശദമാക്കുന്നുണ്ട്. "...ആദ്യമായി ഒരു സമ്പൂർണ്ണ കിമേറ സൃഷ്ടിക്കപ്പെടുന്നത് കഴിഞ്ഞപതിറ്റാണ്ടിലാണ്. യൂണിവേഴ്സിറ്റി ഒഫ് മോണ്ടിയയിലെ ഇവാൻ ബലാബാൻ എന്ന ഗവേഷകൻ കോഴിയുടെയും കുയിലിൻറെയും കിമേറയുണ്ടാക്കി. കോഴി ഭ്രൂണത്തിൻറെ തലച്ചോറിൽ കുയിലിൻറെ ഭ്രൂണത്തിൽ നിന്നുള്ള തലച്ചോറിലെ കോശങ്ങൾ പ്രതിഷ്ഠിച്ചു വളർത്തിയെടുത്തു. അതുവളർന്നുണ്ടായ കോഴിക്കുഞ്ഞുങ്ങൾ കുയിലിനു സമാനമായ ശബ്ദസൗകുമാര്യമുള്ളവയായിരുന്നു. വിഭിന്നങ്ങളായ സ്പീഷീസ്സ് ജീവികളുടെ പ്രത്യേക സ്വഭാവവിശേഷങ്ങൾ കൂട്ടിച്ചേർക്കാമെന്നു ഇതിലൂടെ തെളിഞ്ഞു. 1980-ൽ സ്കോട്ട്ലാൻഡിൽ പകുതി ആടും പകുതി ചെമ്മരിയാടുമായ ഗീപ്പ് ഉണ്ടാക്കപ്പെട്ടു. യു.എസ്സിലെ ബോസ്റ്റണിലെ ഗവേഷകർ മനുഷ്യരുടെ സ്തനകോശങ്ങൾ എലിയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്... 2007-ൽ യൂണിവേഴ്സിറ്റി ഒഫ് നൊവാഡയിലെ ഗവേഷകർ 15% മനുഷ്യകോശവും 85% ചെമ്മരിയാടിൻറെ കോശവുമുള്ള കിമേറാ ഭ്രൂണത്തെ സൃഷ്ടിച്ചു..." എന്നിങ്ങനെ കിമേറകളുടെ ചരിത്രം, കിമേറകളുടെ നാൾവഴി എന്ന അദ്ധ്യായത്തിൽ നോവലിസ്റ്റ് വിശദീകരിച്ചിരിക്കുന്നു. എങ്ങനെയൊക്കെ കിമേറകൾ ഉണ്ടാക്കപ്പെടാം എന്നും വിവരിക്കുന്നുണ്ട്. "..മൂന്നു വിധത്തിൽ കിമേറകളെയുണ്ടാക്കാം. വ്യത്യസ്തഭ്രൂണങ്ങൾ കൂട്ടിച്ചേൾക്കലാണ് ഒരു രീതി. ജീനുകളെയും കോശങ്ങളെയും അവയവങ്ങളേയും ഒരു ജീവിയിൽ നിന്നു മറ്റൊന്നിലേക്ക് മാറ്റി പ്രതിഷ്ഠിച്ചും കിമേറകളെയുണ്ടാക്കാം. ഒരു സ്പീഷീസ്സിൻറെ വിത്തുകോശങ്ങൾ (Stem Cells) മറ്റൊന്നിൻറെ ഭ്രൂണത്തിലോ പ്രായപൂർത്തിയായ ജീവിയിലോ ഇൻജക്ട് ചെയ്യുകയാണു മൂന്നാമത്തെ രീതി. വിത്തുകോശങ്ങൾക്ക് വിഭിന്ന ശരീരകോശങ്ങളായി വളരാൻ ശേഷിയുണ്ട്" (കിമേറ, പുറം 71). ഇത്തരത്തിൽ ശാസ്ത്ര ലോകത്തു നടന്നുവന്ന ജനിതകപരീക്ഷണങ്ങളെ വളരെ ലളിതമായി നോവലിസ്റ്റ് വിശദീകരിച്ചിരിക്കുന്നു. "...റോച്ചെസ്റ്ററിലെ മയോക്ലിനിക്കിലുള്ള ജെഫ്രി എൽ.പ്ലാറ്റ് മനുഷ്യരക്തവും പന്നിയുടേതും ഒരുമിച്ചൊഴുകുന്ന രക്തഞരമ്പുകളുള്ള കിമേറയെ ഉണ്ടാക്കിയിട്ടുണ്ട്...സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ ഒരു

ശതമാനത്തോളം മനുഷ്യന്റെ തലച്ചോറുള്ള എലിയെ ഉണ്ടാക്കിയതും ശ്രദ്ധ നേടിയിരുന്നു...ഏറ്റവും സമീപകാലത്തുണ്ടായ സംഭവം കരീബിയൻ ദ്വീപുകളിൽ നടന്നതാണ്. ഇവിടെ ഡോ. റെഡ്മണ്ടിന്റെ നേതൃത്വത്തിലുള്ള ഗവേഷകർ ആഫ്രിക്കൻ ഗ്രീൻ മങ്കി എന്നയിനം കുരങ്ങുകളുടെ ഭ്രൂണത്തിലെ തലച്ചോറായി വളരുന്ന കോശങ്ങളിൽ മനുഷ്യന്റെ തലച്ചോറിനു നിദാനമായ വിത്തുകോശങ്ങൾ പ്രതിഷ്ഠിക്കുകയാണ്. ഇവ വളർന്നു മനുഷ്യന്റെയും കുരങ്ങന്റെയും സങ്കരം രൂപം കൊള്ളുന്നു..''(കിമേറ, പുറം 71). അപസർപ്പകസ്വഭാവമുള്ള നോവൽ കൂടിയായതുകൊണ്ടുതന്നെ ശാസ്ത്രജ്ഞന്മാരോടു നേരിട്ടു ചോദിക്കുന്നവിധമാണ് ഇതിൽ കിമേറാചരിത്രവും അവയ്ക്കുപിന്നിലുള്ള ശാസ്ത്രതത്ത്വങ്ങളും വ്യക്തമാക്കിയിരിക്കുന്നത്. നോവൽ ഘടനയോടു ചേരാത്തവിധം വിവരിക്കുന്ന രീതിയിലാണ് ഈ ഭാഗം അവതരിപ്പിച്ചിരിക്കുന്നത്. അതും കിമേറകളുടെ നാൾ വഴി എന്ന ഒരു പ്രത്യേക അദ്ധ്യായമായി. ഒരു ഏച്ചുകെട്ടൽ അനുഭവപ്പെടാതിരിക്കാനായി ഡിക്ടറ്റീവും ഗവേഷകനും തമ്മിലുള്ള സംഭാഷണമായി അതു മാറ്റിയിരിക്കുന്നു. ഡെറിക്കിന്റെ ഗവേഷണങ്ങളായി അത് അവതരിപ്പിക്കാത്തതു നോവലിൽ ഭീകരഭാവം നിലനിർത്താൻ വേണ്ടിയാണെന്നു കരുതാം. എന്താണു സംഭവിക്കുന്നതെന്നറിയാതെ ഭയത്തിനടിമപ്പെടുന്ന കഥാപാത്രങ്ങളെ നോക്കി ക്രൂരമായ ചിരിയോടെ നിൽക്കുന്ന ഒരാളാണു ഡെറിക്. അയാളുടെ പ്രവർത്തനമേഖലയെക്കുറിച്ച് അന്വേഷിച്ചറിഞ്ഞെത്തുന്ന കഥാപാത്രങ്ങൾക്കൊപ്പം വായനക്കാരുംകൂടി നീങ്ങിയാലേ ഭയം നിലനിർത്താനാകൂ എന്നു നോവലിസ്റ്റിനു തോന്നിയിരിക്കാം. അതുകൊണ്ടുതന്നെയാണു ശാസ്ത്രജ്ഞന്റെ വാക്കുകളിലൂടെ ശാസ്ത്രതത്ത്വങ്ങളുടെ ചുരുളഴിക്കേണ്ടി വന്നത്.

സ്വയം നവീകരിക്കാൻ ശേഷിയുള്ളതും വ്യത്യസ്ത ശരീരഭാഗങ്ങളിലെ കോശങ്ങളായി വിഭജിക്കാൻ കഴിവുള്ളതുമായ കോശങ്ങളാണു വിത്തുകോശങ്ങൾ (Stem Cells). ഭ്രൂണത്തിലെ വിത്തുകോശങ്ങളാണ് പല രീതിയിൽ വേർതിരിഞ്ഞ് വിഭജിച്ച് ഒരു ബഹുകോശജീവി രൂപംകൊള്ളുന്നത്. ഇതിൽ ഏതൊക്കെ ഭാഗമാണ് ഒരു ജീവിയുടെ വ്യത്യസ്ത ശരീരഭാഗങ്ങളായി മാറുക എന്നതു ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞിട്ടുണ്ട്. അവയിലെ കോശങ്ങളുടെ മാറ്റിവയ്ക്കൽ വഴി കിമേറകളെ ഉണ്ടാക്കിയെടുക്കാനുള്ള സാധ്യതയെപ്പറ്റി മാത്രമേ നോവലിൽ പ്രതിപാദിക്കുന്നുള്ളൂ. വിത്തുകോശചികിത്സയെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല. ഭ്രൂണങ്ങൾ വിത്തുകോശഗവേഷണത്തിനു മാത്രമല്ല, സൗന്ദര്യവർദ്ധകവസ്തുക്കളായും ആരോഗ്യപോഷകങ്ങളായും ഉപയോഗിക്കാറുണ്ട് എന്നു സ്ഥാപിക്കുന്നിടത്താണു വിത്തുകോശചികിത്സയെപ്പറ്റി സൂചിപ്പിക്കുന്നത്. ഇവിടെ ഗവേഷണങ്ങൾ എത്രത്തോളം നിയമാനുസാരികളാണെന്നും നീതീകരിക്കാവുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും കാണിക്കാനാണു നോവലിസ്റ്റ് ശ്രമിക്കുന്നതെന്നു കാണാം. ഭ്രൂണവ്യാപാരം കൊണ്ടു കാശുണ്ടാക്കുന്ന തീവ്രവാദിസംഘടനകളും അവയ്ക്ക് ഒത്താശ ചെയ്യുന്ന ശാസ്ത്രലോകവും സാധാരണമനുഷ്യരെ എങ്ങനെയൊക്കെ ചൂഷണം ചെയ്യുന്നു എന്നതാണ് ഇവിടെ നോവലിസ്റ്റിന്റെ വിഷയം. 'സൗന്ദര്യവർദ്ധക വസ്തുക്കളിൽ ഭ്രൂണകോശങ്ങൾ ചേർക്കുന്നുണ്ട് (Valerie Richardson, 'Aborted fetus cells used in beauty creams', in www.washingtontimes.com, November 3, 2009.) എന്ന വാഷിങ്ടൺ ടൈംസിലെ റിപ്പോർട്ട് നോവലിസ്റ്റിന്റെ വാദത്തെ പിന്താങ്ങുന്നുണ്ട്.

ജനിതകശാസ്ത്രത്തിന്റെ ഭീകരമായ വശങ്ങൾ അനാവരണം ചെയ്യാനാണ് നോവൽ പ്രധാനമായും ശ്രമിച്ചിരിക്കുന്നത്. ഇന്റർനെറ്റിൽനിന്നും മറ്റും കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ശാസ്ത്രത്തിന്റെ നീതീകരിക്കാനാകാത്ത വളർച്ചയെയും അതിന്റെ മറവിൽ ലോകജീവിതം തകിടം മറിക്കുന്ന അധികാരമോഹികളുടെ ഇരുണ്ടവശവും അനാവരണം ചെയ്യാനാണു നോവലിസ്റ്റിന്റെ ശ്രമം. ശാസ്ത്രത്തിന്റ ഭയപ്പെടുത്തുന്ന ഒരദ്ധ്യായം രചിക്കാനാണു നോവലിസ്റ്റ് ജനിതകശാസ്ത്രത്തെ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. നോവലിന്റെ അദ്ധ്യായങ്ങളോരോന്നും വ്യത്യസ്തരായ വ്യക്തികളുടെ അനുഭവക്കുറിപ്പുകളായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒരാളിൽനിന്നു കഥയുടെ ദീപശിഖ മറ്റൊരാൾ ഏറ്റെടുക്കുന്നതുപോലെയാണു നോവലിന്റെ ഘടന. എന്നാൽ ഇടയ്ക്കിടയ്ക്കു പത്രങ്ങളിൽ വരുന്ന റിപ്പോർട്ടുകളായോ ശാസ്ത്രജ്ഞരുടെ അനുഭവങ്ങളായോ ഒക്കെയാണു ജനിതകമാറ്റത്തെയും കിമേറകളെയുമൊക്കെ അവതരിപ്പിക്കുന്നത്. ജനിച്ചപ്പോൾത്തന്നെ ജി.എം. പച്ചക്കറിയിലുള്ളതുപോലെ ചെറിയ മുള്ളുകളുമായി ജനിച്ച പെൺകുട്ടിയും കീടനാശിനികളുടെ അമിതോപയോഗം മൂലം ജനിതകമാറ്റത്തിനു വിധേയരായ മനുഷ്യരുമൊക്ക കടന്നുവരുന്നതു റിപ്പോർട്ടുകളായിട്ടാണ്. പ്രകൃത്യാലുള്ള ജനിതകമാറ്റവും പൂർണ്ണമായല്ലെങ്കിലും കിമേറകളെ ഉണ്ടാക്കുന്നു എന്നു സ്ഥാപിക്കാനാണു നോവലിസ്റ്റ് ശ്രമിക്കുന്നത്. കിമേറ എന്ന പേരു കൊണ്ടുതന്നെ ജനിതകശാസ്ത്രത്തിന്റെ ആ ഒരു വശത്തെമാത്രമാണു നോവലിസ്റ്റ് അവതരിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നത് എന്നതു വ്യക്തമാണ്. ഇവിടെ ശാസ്ത്രത്തിന്റെ നന്മയെ അംഗീകരിക്കാനല്ല മറിച്ച് അറിവ് ആയുധമാക്കുമ്പോൾ, അതില്ലാത്തവർ കടന്നുപോകേണ്ട ഭയത്തിന്റെ വഴികളെ പ്രതിപാദിക്കുവാനാണ് നോവൽ ശ്രമിക്കുന്നത്.